<u>പതിമൂന്നാം കേരള നിയമസഭ</u>

<u>അഞ്ചാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3896. 27.06.2012-ൽ മറുപടിയ്ക്ക്**

## <u>ആലപ്പുഴ ജില്ലയിലെ മഴക്കാല രോഗങ്ങൾ പ്രതിരോധിക്കുവാൻ നടപടി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ മഴക്കാല രോഗങ്ങൾ പ്രതിരോധിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | ജില്ലയിലെ പകർച്ചവ്യാധി നിയന്ത്രണ പരിപാടിയുമായി ബന്ധപ്പെട്ട് ജില്ലാ തലത്തിലും ബ്ലോക്ക് പഞ്ചായത്ത്തലങ്ങളിലും അടിയന്തിര മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.<br><br>കൊതുകു ജന്യ രോഗ നിയന്ത്രണത്തിനായി ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് സ്റ്റാഫ് എന്നിവരുടെ നേതൃത്വത്തിൽ കൊതുകിന്റെ സാന്ദ്രതാപഠനം കൃത്യമായ ഇടവേളകളിൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സാന്ദ്രത കൂടുതൽ കാണപ്പെടുന്ന പ്രദേശങ്ങളിൽ ഉറവിട നശീകരണം, സ്പ്രേയിംഗ്, ഫോഗിംഗ് എന്നിവയും നടത്തുകയുണ്ടായി. എല്ലാ ആശുപത്രികളിലും ചികിത്സാ സൗകര്യങ്ങൾ, മരുന്നുകളുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തിയിട്ടുണ്ട്. എല്ലാ ജനറൽ, ജില്ലാ ആശുപത്രികളിലും 24 മണിക്കൂറും, മറ്റ് പ്രധാന ആശുപത്രികളിൽ രാത്രി 8 മണിവരെയും ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 'ആശ', കുടുംബശ്രീ, അംഗനവാടി ജീവനക്കാർ എന്നിവരുടെ സഹായത്തോടുകൂടി വീട് വീടാന്തരമുള്ള സന്ദർശനം, ക്ലോറിനേഷൻ, കൊതുകിന്റെ ഉറവിട നശീകരണം |

| | | | |
|---|---|---|---|
| | | | തുടങ്ങിയ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നു. പ്രധാന ആശുപത്രികളിലെല്ലാം ഫീവർ വാർഡുകളും, ഫീവർ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. 3 മൊബൈൽ ഫീവർ ക്ലിനിക്കുകൾ ചേർത്തല, ഹരിപ്പാട്, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ജില്ലയിൽ ഡെങ്കിപ്പനി, എലീപ്പനി, ജപ്പാൻജ്വരം, മലേറിയ എന്നീ രോഗങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു; വിശദീകരിക്കാമോ; | (സി) | സ്വീകരിച്ച നടപടികൾ ചോദ്യം (എ) യുടെ മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്. കൂടാതെ, തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്നവർ, അന്യദേശതൊഴിലാളികൾ എന്നിവരെ നിരീക്ഷിച്ച് പനിലക്ഷണം ഉള്ളവരുടെ രക്തസാമ്പിൾ ശേഖരിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ അയച്ച് പരിശോധിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ജനങ്ങൾക്ക് ബോധവത്ക്കരണവും നൽകി വരുന്നു. |
| (ഡി) | വാർഡുതല സാനിട്ടേഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിന് നൽകി വരുന്ന സാമ്പത്തിക സഹായം എത്രയാണ്; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | വാർഡ്തല സാനിട്ടേഷൻ പ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് 10,000/- രൂപ സാമ്പത്തിക സഹായം എൻ. ആർ. എച്ച്. എം. -ൽ നിന്നും നൽകി വരുന്നു. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരാണ് തീരുമാനമെടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ